നീ നിന്നു കൊണ്ട് നിസ്കരിക്കുക. അതിന് നിനക്ക്
സാധിക്കില്ലെങ്കിൽ ഇരുന്ന് കൊണ്ട്. അതിനും
സാധിക്കില്ലെങ്കിൽ നിൻ്റെ പാർശ്വങ്ങളിലായിക്കൊണ്ട്
ഇംറാൻ ബ്നു ഹുസ്വൈൻ -هُْنَع هُ

َ ِض َي الل
ر- നിവേദനം: എനിക്ക് മൂലക്കുരു ബാധിച്ചിരുന്നു.
അതിനാൽ എൻ്റെ നിസ്കാരത്തെ കുറിച്ച് ഞാൻ നബി -صلى الله عليه وسلم- യോട് ചോദിച്ചു. അപ്പോൾ അവിടുന്ന്
പറഞ്ഞു: "നീ നിന്നു കൊണ്ട് നിസ്കരിക്കുക. അതിന് നിനക്ക് സാധിക്കില്ലെങ്കിൽ
ഇരുന്ന് കൊണ്ട്. അതിനും സാധിക്കില്ലെങ്കിൽ നിൻ്റെ പാർശ്വങ്ങളിലായിക്കൊണ്ട്."
[صحيح] [رواه البخاري]
നിസ്കാരം നിന്നു കൊണ്ട് നിർവ്വഹിക്കലാണ് അടിസ്ഥാന നിയമം എന്ന് നബി -صلى الله عليه وسلم- വിവരിക്കുന്നു.
എന്നാൽ അതിന് സാധിക്കാത്ത അവസരങ്ങളിൽ ഇരുന്ന് കൊണ്ട് നിസ്കരിക്കാൻ അനുവാദമുണ്ട്.
ഇരുന്ന് കൊണ്ട് നിസ്കരിക്കാനും സാധിക്കില്ലെങ്കിൽ അവന് തൻ്റെ പാർശ്വങ്ങളിൽ കിടന്നു
കൊണ്ട് നിസ്കരിക്കാം.
https://sunnah.global/hadeeth/ml/show/10951